# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1712 10.03.2020-ൽ മറുപടിക്ക് നൽകേണ്ടിയിരുന്നത്

## ദേശസുരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾ

| | ചോദ്യം<br><br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ദേശസുരക്ഷയെത്തന്നെ ബാധിക്കുന്ന കാര്യങ്ങൾ സംസ്ഥാനത്ത് അടിക്കടി ഉണ്ടായിട്ടും സർക്കാർ ഇക്കാര്യത്തിൽ ഗൗരവതരമായ ഇടപെടൽ നടത്തുന്നില്ലയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേശസുരക്ഷയെ ബാധിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ സംസ്ഥാന പോലീസ് കർശനമായ ഇടപെടൽ നടത്തി വരുന്നുണ്ട്. |
| (ബി) | കളിയിക്കാവിളയിൽ എസ്.ഐയെ വെടിവെച്ച് കൊന്നവർ ഒരു തീവ്രവാദി സംഘടനയുമായി ബന്ധമുള്ളവരെന്ന കണ്ടെത്തലും കുളത്തുപ്പുഴയിൽ പാക്കിസ്ഥാൻ നിർമ്മിതവും ചൈനീസ് നിർമ്മിതവുമായ വെടിയുണ്ടകൾ കണ്ടെടുത്ത സംഭവവും പോലീസിന്റെ പക്കൽ നിന്നും ആയുധങ്ങളും വെടിയുണ്ടകളും നഷ്ടപ്പെട്ടുവെന്ന റിപ്പോർട്ടുകളും ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ഭീതിയും ഉത്കണ്ഠയും ശമിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാർട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും, "2015 സെപ്തംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തെ കുറവു വന്ന വിവരം മൂടി വയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്. ഇത് സംബന്ധിച്ച് ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തി വരുന്നു. മറ്റു രണ്ടു സംഭവങ്ങളിലും അന്വേഷണം കാര്യക്ഷമമായി നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനം തീവ്രവാദികളുടെയും ദേശവിരുദ്ധ ശക്തികളുടെയും താവളമാകുന്നത് തടയുന്നതിന് നിതാന്ത ജാഗ്രത പുലർത്തുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും ശക്തമായ ഇടപെടലുകൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് തീവ്രവാദികളെയും ദേശവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നവരെയും നേരിടുന്നതിന് വേണ്ടി ആന്റി ടെററിസ്റ്റ് സ്ക്വാഡ്, തീവ്രവാദ കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിലേയ്ക്കായി തീവ്രവാദ വിരുദ്ധ പോലീസ് സ്റ്റേഷൻ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് ഭീഷണി ഉയർത്തുന്ന തീവ്രവാദ സംഘടനകളെ നേരിടുന്നതിൽ സംസ്ഥാന പോലീസ് സ്തുത്യർഹമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ